<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2607</u> <u>24-06-2024 - ൽ മറുപടിയ്ക്ക്</u>

<u>നാദാപുരം മണ്ഡലത്തിൽ വൈദ്യുത ലൈൻ കേബിളാക്കുന്ന പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതിവിതരണ ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | 1. നാദാപുരം സെക്ഷനിലേക്ക് പുതിയ 11 കെവി ഫീഡർ 2.2 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കൽ 110 kV നാദാപുരം സബ് സ്റ്റേഷനിൽ നിന്ന് കമ്മക്കോട് വരെ, ഏകദേശം 75 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.<br><br>2. ഇരുണേരി സെക്ഷനിലേക്ക് പുതിയ 11 കെവി ഫീഡർ 3.9 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കൽ. ഏകദേശം 151 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.<br><br>3. സമാന്തര ഫീഡറിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിന് 11 കെവി ടൗൺ ഫീഡറിന്റെ പ്രാരംഭ ഭാഗത്ത് 0.55 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കൽ. ഏകദേശം 18 ലക്ഷം ചെലവ് കണക്കാക്കുന്നു |
| (ബി) | പ്രസ്തുത നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | നാദാപുരം നിയോജക മണ്ഡലത്തിൽ 23 സർക്കാർ സ്ഥാപനങ്ങളിലും 21 പൊതു വിദ്യാലയങ്ങളിലുമായി 44 സൗരോർജ്ജ പ്ലാന്റുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിത ശേഷി 479 kW. |

സെക്ഷൻ ഓഫീസർ